

# ഖുർആൻ ബോധനം 707

എ.വൈ.ആർ

സൂറ-18

# അൽ കഹ്ഫ്

22. ചിലർ പറയും: അവർ മൂന്നുപേരായിരുന്നു നാലാമൻ അവരുടെ ശുനകനും. അഞ്ചാളായിരുന്നു ആറാമൻ ശുനകനും എന്നു വേറെ ചിലർ പറയുന്നു. ഇതൊക്കെ അടിസ്ഥാനരഹിതമായ ജൽപനം മാത്രം. ഇനിയും ചിലർ പറയുന്നു; ഗുഹാവാസികൾ ഏഴു പേരായിരുന്നു എട്ടാമനായി ശുനകനും എന്ന്. പ്രവാചകൻ അവരോടു പറയുക: ഗുഹാവാസികളുടെ ശരിയായ എണ്ണം എന്റെ നാഥൻ മാത്രമറിയുന്നു. തുഛമാളുകളേ അവരെ അറിയുന്നുള്ളൂ. ആകയാൽ സാമാന്യ സംസാരത്തിൽ കവിഞ്ഞ് പ്രവാചകൻ അവരെക്കുറിച്ചു തർക്കിക്കരുത്. അവരിലാരോടും ഗുഹാവാസികളെക്കുറിച്ചന്വേഷിക്കുകയും വേണ്ട.

سَيَقُولُونَ ثَلَٰثَةٌ رَّابِعُهُمْ كَلْبُهُمْ وَيَقُولُونَ خَمْسَةٌ سَادِسُهُمْ كَلْبُهُمْ رَجْمًۢا بِٱلْغَيْبِ ۖ وَيَقُولُونَ سَبْعَةٌ وَثَامِنُهُمْ كَلْبُهُمْ ۚ قُل رَّبِّىٓ أَعْلَمُ بِعِدَّتِهِم مَّا يَعْلَمُهُمْ إِلَّا قَلِيلٌ ۗ فَلَا تُمَارِ فِيهِمْ إِلَّا مِرَآءً ظَٰهِرًا وَلَا تَسْتَفْتِ فِيهِم مِّنْهُمْ أَحَدًا ﴿٢٢﴾

23. ഒരു സംഗതിയെക്കുറിച്ചും തീർച്ചയായും നാളെ ഞാനതു ചെയ്യുമെന്ന് നീ പറഞ്ഞുകൂടാ.

وَلَا تَقُولَنَّ لِشَا۟ىْءٍ إِنِّى فَاعِلٌ ذَٰلِكَ غَدًا ﴿٢٣﴾

24. അല്ലാഹു ഇഛിക്കുന്നുവെങ്കിലല്ലാതെ നിനക്ക് ഒന്നും ചെയ്യാനാവില്ല. അതു മറന്നുപോയാൽ ബോധവാനായ ഉടനെ നിന്റെ നാഥനെ സ്മരിക്കേണം. പറയുകയും ചെയ്യുക: എന്റെ നാഥൻ ഇതിനെക്കാൾ സന്മാർഗോചിതമായതിലേക്ക് എന്നെ നയിച്ചേക്കാം.

إِلَّآ أَن يَشَآءَ ٱللَّهُ ۚ وَٱذْكُر رَّبَّكَ إِذَا نَسِيتَ وَقُلْ عَسَىٰٓ أَن يَهْدِيَنِ رَبِّى لِأَقْرَبَ مِنْ هَٰذَا رَشَدًا ﴿٢٤﴾

25. അവരാ ഗുഹയിൽ മുന്നൂറാണ്ട് വസിച്ചു. ചിലർ ഒൻപതാണ്ട് കൂട്ടിപ്പറയുന്നു.

وَلَبِثُوا۟ فِى كَهْفِهِمْ ثَلَٰثَ مِا۟ئَةٍ سِنِينَ وَٱزْدَادُوا۟ تِسْعًا ﴿٢٥﴾

سَيَقُولُونَ= അവർ (ചിലർ) പറയും ثَلَٰثَةٌ= (അവർ) മൂന്ന് (പേരായിരുന്നു) رَّابِعُهُمْ= അവരിൽ നാലാമൻ
كَلْبُهُمْ= അവരുടെ ശുനകൻ (എന്ന്) وَيَقُولُونَ= അവർ (ചിലർ) പറയും خَمْسَةٌ= അഞ്ച് (ആളായിരുന്നു)
سَادِسُهُمْ= അവരിൽ ആറാമൻ كَلْبُهُمْ= അവരുടെ ശുനകൻ (എന്ന്)
رَجْمًۢا بِٱلْغَيْبِ= അദൃശ്യമായതുകൊണ്ടുള്ള എറിയലായിട്ട്(ഇതൊക്കെയും അടിസ്ഥാനരഹിതമായ ജൽപനം മാത്രം)
وَيَقُولُونَ= അവർ പറയും (ഇനിയും ചിലയാളുകൾ പറയുന്നത്) سَبْعَةٌ= (അവർ) ഏഴു(പേർ ഉണ്ടായിരുന്നു)
وَثَامِنُهُمْ= അവരിൽ എട്ടാമൻ كَلْبُهُمْ= അവരുടെ ശുനകനും (എന്നാണ്) قُل= നീ (പ്രവാചകൻ) പറയുക
رَّبِّىٓ= എന്റെ നാഥൻ (മാത്രമാകുന്നു) أَعْلَمُ= ഏറ്റം (നന്നായി) അറിയുന്നവൻ
بِعِدَّتِهِم= അവരുടെ എണ്ണം مَّا يَعْلَمُهُمْ= അവരെ അറിയുന്നില്ല(യുന്നുള്ളൂ) إِلَّا قَلِيلٌ= കുറച്ചല്ലാതെ (തുഛമാളുകളേ)
فَلَا تُمَارِ فِيهِمْ= അവരെ കുറിച്ച് നീ (ജനത്തോട്) തർക്കിക്കരുത്

إِلَّا مِرَآءً ظَـٰهِرًا= പ്രത്യക്ഷമായ തർക്കമല്ലാതെ (സാമാന്യ സംസാരത്തിൽ കവിഞ്ഞ്)

وَلَا تَسْتَفْتِ فِيهِم= അവരെക്കുറിച്ച് നീ വിധി തേടുകയുമരുത് (ചോദിക്കുകയും വേണ്ട) مِّنْهُمْ أَحَدًا= അവരിൽ ആരോടും

وَلَا تَقُولَنَّ= നീ പറഞ്ഞുകൂടാ لِشَا۟ىْءٍ= തീർച്ചയായും ഒരു വസ്തുവിന് (ഒരു സംഗതിയെക്കുറിച്ചും)

إِنِّى فَاعِلٌ= തീർച്ചയായും ഞാൻ ചെയ്യു(മെന്ന്)ന്നവനാണ് ذَٰلِكَ= അത് غَدًا= നാളെ

إِلَّآ أَن يَشَآءَ ٱللَّهُ = അല്ലാഹു ഇഛിക്കുന്നുവെങ്കിലല്ലാതെ(നിനക്ക് ഒന്നും ചെയ്യാനാവില്ല)

وَٱذْكُر رَّبَّكَ= നീ (ബോധവാനായ ഉടനെ) നിന്റെ നാഥനെ സ്മരിക്കേണം إِذَا نَسِيتَ= നീ (അതു) മറന്നുപോയാൽ

وَقُلْ= നീ പറയുകയും ചെയ്യുക عَسَىٰٓ أَن يَهْدِيَنِ رَبِّى= എന്റെ നാഥൻ എന്നെ നയിച്ചേക്കാം

لِأَقْرَبَ مِنْ هَـٰذَا= ഇതിനെക്കാൾ അടുത്തതിന് (ഉചിതമായതിലേക്ക്) رَشَدًا= സന്മാർഗത്താൽ

وَلَبِثُوا۟= അവർ വസിച്ചു فِى كَهْفِهِمْ= അവരുടെ ഗുഹയിൽ ثَلَـٰثَ مِا۟ئَةٍ سِنِينَ= മുന്നൂറാണ്ട്

وَٱزْدَادُوا۟= അവർ അധികരിപ്പിച്ചു (ചിലർ കൂട്ടിപ്പറയുന്നു) تِسْعًا= ഒൻപത് (ആണ്ട്)

**22.** അസ്ഹാബുൽ കഹ്ഫിന്റെ കഥയിൽനിന്ന് ചോദ്യകർത്താക്കൾ അറിയേണ്ടതും പഠിക്കേണ്ടതുമായ കാര്യങ്ങൾ പരാമർശിച്ച ശേഷം അവരുടെ എണ്ണത്തെക്കുറിച്ച് പ്രചാരത്തിലുള്ള കിംവദന്തികൾ ഉദ്ധരിക്കുകയാണ്. ചിലർ മൂന്നാളും ശുനകനും എന്നുപറയുമ്പോൾ വേറെചിലർ അഞ്ചാളും ശുനകനും എന്നുപറയുന്നു. എല്ലാം അടിസ്ഥാന രഹിതമായ ഊഹങ്ങളാണ്. رَجْمًۢا بِٱلْغَيْبِ എന്നാണ് മൂലവാക്ക്. അദൃശ്യം കൊണ്ടുള്ള ഏറ് എന്നാണ് വാക്കർഥം. തെളിവും സ്ഥിരീകരണവുമില്ലാതെ, അറിയാത്ത കാര്യങ്ങൾ ഊഹിച്ചുപറയുക എന്ന അർഥത്തിലുള്ള പ്രയോഗമാണിത്. ആധികാരികതയില്ലാതെ ഊഹാധിഷ്ഠിതമായി വാചകങ്ങൾ തട്ടിവിടുന്നതിന് حديث المرجم എന്നുപറയും. ഇനിയും ചിലർ ഗുഹാവാസികൾ ഏഴാളും ശുനകനുമായിരുന്നുവെന്നും പറയുന്നുണ്ട്. ഇതിൽ ആര് പറയുന്നതാണ് ശരി, ആരു പറയുന്നതു ശരിയല്ല എന്ന് ഇവിടെ വിധി പറയുന്നില്ല. അസ്ഹാബുൽ കഹ്ഫിന്റെ എണ്ണം ഒരു പ്രസക്തമായ കാര്യമൊന്നുമല്ല എന്നാണ് ഖുർആന്റെ നിലപാട്. അതുകൊണ്ട്, എണ്ണത്തെക്കുറിച്ചു തർക്കിക്കുന്നവരോട് അവരുടെ ശരിയായ എണ്ണം അല്ലാഹുവിന്നറിയാം എന്നു പറയാനാണ് പ്രവാചകനോടു കൽപിച്ചത്. മനുഷ്യരിൽ അപൂർവം ചിലർക്കേ അവരുടെ എണ്ണം അറിയൂ എന്നാണ് مَّا يَعْلَمُهُمْ إِلَّا قَلِيلٌ എന്ന മൂലവാക്യത്തിന് വ്യാഖ്യാതാക്കൾ, പൊതുവിൽ അർഥം കൽപിച്ചിട്ടുള്ളത്. 'അവരെ കുറച്ച് അല്ലാതെ അറിയുന്നില്ല' എന്നാണ് പദാനുപദ അർഥം. കുറച്ച് -قليل അറിയുന്നു-يعلم -വിന്റെ കർത്താവായതുകൊണ്ട് ആളുകളാണുദ്ദേശ്യമെന്ന് വ്യക്തമാകുന്നു. അവരെ അറിയുക എന്നതിന്റെ താൽപര്യം അവരുടെ എണ്ണവുമാകാം, മഹത്വവുമാകാം, അവരിൽ നിന്നു പഠിക്കാനുള്ള പാഠവുമാകാം.

തുടർന്ന് അസ്ഹാബുൽ കഹ്ഫിനെക്കുറിച്ച് സാമാന്യ സംഭാഷണത്തിലപ്പുറം വിശദാംശങ്ങളെക്കുറിച്ച് ആളുകളോടു സംസാരിക്കുന്നതിൽ നിന്നും ആരോടെങ്കിലും അക്കാര്യങ്ങളിൽ കൃത്യമായ വിവരം തേടുന്നതിൽനിന്നും നബി(സ)യെ വിലക്കിയിരിക്കുകയാണ്. കാരണം അല്ലാഹു ഇവിടെ വ്യക്തമാക്കുന്നതിലപ്പുറം അവരെക്കുറിച്ച് വല്ലതും പറയാനുള്ള ജ്ഞാനം പ്രവാചകനോ ഖുറൈശികൾക്കോ വേദക്കാർക്കോ ഒന്നുമില്ല.

അസ്ഹാബുൽ കഹ്ഫിന്റെ എണ്ണത്തെക്കുറിച്ച് മൂന്നും ഒന്നും, അഞ്ചും ഒന്നും എന്നീ പ്രസ്താവങ്ങളുദ്ധരിച്ച ശേഷം അടിസ്ഥാനരഹിതമായ ജൽപനം എന്നു പറഞ്ഞിരിക്കുന്നതിനാൽ ആ രണ്ടഭിപ്രായങ്ങളും തെറ്റാണെന്ന് വ്യക്തമാകുന്നു. അതിന് ശേഷമാണ് ഏഴാളും ശുനകനും എന്ന പ്രസ്താവമുദ്ധരിക്കുന്നത്. അത് ഒടുവിൽ പറഞ്ഞത് ശരിയായ എണ്ണമാണെന്നു സൂചിപ്പിക്കുന്നതായി ചില പണ്ഡിതന്മാർ ചൂണ്ടിക്കാണിച്ചിരിക്കുന്നു. അസ്ഹാബുൽ കഹ്ഫ് ഏഴാളും ശുനകനുമായിരുന്നുവെന്ന് ഇബ്നു അബ്ബാസ് (റ) പ്രസ്താവിച്ചതായി നിവേദനങ്ങളുമുണ്ട്. തുഛമാളുകളേ അവരെ അറിയുന്നുള്ളൂ مَّا يَعْلَمُهُمْ إِلَّا قَلِيلٌ -എന്നു പറഞ്ഞതിലെ തുഛമാളുകളിലൊരാളാണ് താനെന്ന് അദ്ദേഹം അവകാശപ്പെട്ടതായും ഉദ്ധരിക്കപ്പെട്ടിരിക്കുന്നു.

ഗുഹാവാസികൾ എട്ടു പേരുണ്ടായിരുന്നുവെന്നാണ് ചരിത്രകാരനായ ഇബ്നു ഇസ്ഹാഖ് രേഖപ്പെടുത്തിയിട്ടുള്ളത്. അവരുടെ ശുനകൻ ഒമ്പതാമനായിരുന്നു. ഇമാം ത്വബ്രി പറയുന്നത് ഏഴുപേർ എന്നാണ്. അദ്ദേഹം അവരുടെ പേരും ഉദ്ധരിച്ചിരിക്കുന്നു. മക്സമലീന, മഹസമലീന, യംലീഖ, മർത്യൂസ്, കസ് ത്യൂനാസ്, ബൈറൂനസ്, റസ്മൂനസ്, ബത്യൂനസ് ഖാലൂസ്. ഇബ്നുൽ അഥീർ ഉദ്ധരിച്ച പേരുകൾ ഇതിൽനിന്ന് അൽപം വ്യത്യസ്തമാണ്. മസ്കമലീന, തംലീഖ, മർത്യൂസ്, നൈറൂയസ്, കസ്ത്യൂമസ് ദൈനമൂസ്, റയ്ത്യൂഫസ് ഖാലൂസ്, മഹ്സയ്മലനീയ എന്നിങ്ങനെയാണത്. കൂടെയുണ്ടായിരുന്ന ശുനകന്റെ പേര് ഖത്മൂർ എന്നായിരുന്നുവെന്ന് ചിലരും ഖിത്മീർ എന്നായിരുന്നുവെന്ന് മറ്റു ചിലരും പറയുന്നു. പട്ടണത്തിൽ ആഹാരം വാങ്ങാൻ പോയത് തം(യം)ലീഖ ആയിരുന്നുവത്രെ. ഈ വിവരങ്ങൾക്കെല്ലാം ആധാരം യഹൂദ-ക്രൈസ്തവ ഐതിഹ്യങ്ങളാണ്.

മൂലത്തിലെ تمار യെ ചർച്ച ചെയ്യുക എന്നും مراء നെ, സംസാരമെന്നുമാണ് തർജമ ചെയ്തിട്ടുള്ളത്. ഈ രണ്ടു പദങ്ങളും مرية(സന്ദേഹം)ൽ നിന്ന് നിഷ്പാദിതമായവയാണ്. تمارى എന്ന ക്രിയയുടെ ശാസനാരൂപമാണ് تمار. പരസ്പരം സന്ദേഹിച്ചു എന്നാണ് تَمَارَى യുടെ അർഥം. രണ്ടു പക്ഷത്തും ഉറപ്പില്ലാത്ത അഥവാ രണ്ടു പക്ഷത്തിന്റെയും വശം തെളിവോ പ്രമാണമോ ഇല്ലാത്ത കാര്യത്തെക്കുറിച്ച് പരസ്പരം തർക്കിക്കുന്നതാണ് പ്രയോഗാർഥത്തിൽ تمارى. ഇത്തരം തർക്കങ്ങളും വാദപ്രതിവാദങ്ങളും ഈ വിഷയത്തിൽ മാത്രമല്ല മറ്റു വിഷ

യങ്ങളിലും വിലക്കപ്പെട്ടതാണ്. തെളിവിന്റെയും ന്യായത്തിന്റെയും അടിസ്ഥാനത്തിലുള്ള വാദപ്രതിവാദം മുജാദലഃയും മുനാളറഃയുമാണ്. നല്ല ലക്ഷ്യങ്ങൾക്കുവേണ്ടി അതു നടത്തുന്നത് അനുവദനീയവും ചിലപ്പോൾ നിർബന്ധവുമാകുന്നു. തർക്കമായാലും ചർച്ചയായാലും പ്രമാണത്തിന്റെയും തെളിവിന്റെയും അടിത്തറയിലല്ലെങ്കിൽ അത് مراء ആകുന്നു. ബാഹ്യ ചർച്ച അല്ലെങ്കിൽ സാധാരണ സംസാരം ആണ് مراء ظاهر. അത് പ്രശ്നത്തിന്റെ ഉള്ളറകളിലേക്കും വിശദാംശങ്ങളിലേക്കും ഇറങ്ങിച്ചെല്ലുകയില്ല. മറു കക്ഷിക്കു നിഷേധിക്കാൻ പഴുതുണ്ടായിരിക്കുകയുമില്ല. അസ്ഹാബുൽ കഹ്ഫ് എത്ര പേരായിരുന്നുവെന്ന് അല്ലാഹുവിന്നറിയാം. മനുഷ്യരിൽ അപൂർവമാളുകളേ അവരെ അറിയുന്നുള്ളൂ തുടങ്ങിയ പ്രസ്താവനകൾ مراء ظاهر ന്ന് ഉദാഹരണമാകുന്നു.

فتوى യിൽ നിന്നുള്ള استفتاء ന്റെ നിഷേധരൂപ(نهي)മാണ് لا تستفت. സുപരിചിതമല്ലാത്ത ഒരു വൈജ്ഞാനിക വിഷയത്തെക്കുറിച്ചുള്ള വിധിയാണ് فتوى. ആ വിധി തേടൽ استفتاء. ശർഇ പണ്ഡിതന്മാരോട് മതവിഷയത്തിലുള്ള ശർഇ വിധിതേടുകയാണ് സാങ്കേതികാർഥത്തിൽ استفتاء. അവർ നൽകുന്ന വിധിയെ فتوى എന്നും പറയുന്നു. ഈ സൂക്തത്തിൽ فيهم എന്ന് രണ്ടിടത്ത് വന്നിട്ടുണ്ട്. രണ്ടിടത്തും അവരെക്കുറിച്ച്, അതായത് അസ്ഹാബുൽ കഹ്ഫിനെക്കുറിച്ച് എന്നാണുദ്ദേശ്യം. منهم –അവരിൽ നിന്ന് എന്നുപറഞ്ഞതിലെ 'അവർ' അസ്ഹാബുൽ കഹ്ഫിനെക്കുറിച്ച് ചോദ്യമുന്നയിച്ച മക്കാവാസികളാണ്.

**23, 24.** അസ്ഹാബുൽ കഹ്ഫിന്റെ കഥയിൽ നിന്നു വിരമിക്കുന്നതിനു മുമ്പായി നബി(സ)യെ ഒരു മര്യാദ പഠിപ്പിക്കുകയാണിവിടെ. പ്രവാചകനുശേഷം എല്ലാ വിശ്വാസികൾക്കും ബാധകമാണിത്. വിശ്വാസി ഒരു കാര്യത്തെക്കുറിച്ചും ഞാനതു നാളെ ചെയ്യുമെന്ന് നിരുപാധികം പ്രഖ്യാപിച്ചുകൂടാ. നാം നേരത്തെ സൂചിപ്പിച്ചിട്ടുള്ളതുപോലെ ഖുറൈശികൾ അസ്ഹാബുൽ കഹ്ഫിനെക്കുറിച്ചു ചോദിച്ചപ്പോൾ ഞാനതു നാളെ പറഞ്ഞു തരാം എന്ന് നബി(സ) നിരുപാധികം പ്രസ്താവിച്ചതായിരിക്കാം ഈ സൂക്തത്തിന്റെ അവതരണ കാരണം. നബിയെ പരീക്ഷിക്കാനാണല്ലോ അവരിത്തരം ചോദ്യങ്ങൾ ചോദിച്ചിരുന്നത്. എത്രയും പെട്ടെന്ന് അവർക്ക് മറുപടി കൊടുക്കാൻ അദ്ദേഹം ആഗ്രഹിക്കുക സ്വാഭാവികമാണ്. ദിവ്യസന്ദേശത്തിൽ പ്രതീക്ഷയർപ്പിച്ചുകൊണ്ട്, നാളെത്തന്നെ മറുപടി തരാമെന്ന് അവരോട് അദ്ദേഹം വാഗ്ദത്തം ചെയ്തു. തന്റെ പ്രബോധനം വിജയിച്ചുകാണാനുള്ള അദമ്യമായ അഭിവാഞ്ഛയാലായിരുന്നു വിമർശകരുടെയും വിരോധികളുടെയും ഓരോ ചോദ്യത്തിനും അപ്പപ്പോൾ തന്നെ ഉത്തരം കൊടുക്കാൻ തിരുമേനി ബദ്ധപ്പെട്ടിരുന്നത്. ആളുകളുടെ അവിശ്വാസത്തിനും നിഷേധത്തിനും തന്റെ ഭാഗത്തുനിന്ന് ഒരു ന്യായവും ഉണ്ടാവരുതെന്ന് തിരുമേനിക്ക് നിർബന്ധമുണ്ടായിരുന്നു. പക്ഷേ, ഇത്തരം വിഷയങ്ങളിൽ വിസ്മരിക്കപ്പെടുന്ന മറ്റൊരു വശമുണ്ട്. അല്ലാഹുവിന്റെ ജ്ഞാനത്തിനും തീരുമാനത്തിനുമുള്ള മുഖ്യ പങ്കാണത്. ചില ചോദ്യങ്ങൾക്ക് ഉത്തരം നൽകേണ്ടതില്ലെന്നായിരിക്കും അവന്റെ നിശ്ചയം. ചിലതിന് ഉത്തരം നൽകണമെങ്കിലും ഉടനെ നൽകേണ്ടെന്ന് നിശ്ചയിക്കും. അതിനാൽ ദിവ്യസന്ദേശത്തിൽ വിശ്വാസമർപ്പിച്ച് നിരുപാധികം ഒരു കാര്യത്തിലും വാക്കു കൊടുക്കുന്നത് പ്രവാചകന്ന് ഭൂഷണമല്ല. അല്ലാഹു നിശ്ചയിച്ചിട്ടില്ലാത്ത വല്ലതും ചെയ്യാനുള്ള ശക്തിയും അധികാരവും ആർക്കാണുള്ളത്? അതിനാൽ ഭാവിയിൽ എന്തു കാര്യം ചെയ്യുമെന്ന് പറയുമ്പോഴും അല്ലാഹു ഇഛിച്ചെങ്കിൽ (ان شاء الله) എന്നു ചേർത്തു പറയണം. അത് അടിമയുടെ വിധേയത്വത്തിന്റെയും അല്ലാഹുവിന്റെ ഉടമത്വത്തിന്റെയും പ്രകടനമാണ്. ഉദ്ദിഷ്ട കാര്യം ഗുണകരമാണെങ്കിൽ സാധിച്ചുതരണേ എന്ന പ്രാർഥനയുമാണ്. വല്ലപ്പോഴും അത് മറന്നുപോയാൽ ബോധവാനായ ഉടനെ അല്ലാഹുവിനെ സ്മരിച്ചുകൊള്ളണം. ഒരുപക്ഷേ, അല്ലാഹു എന്നെ ഇപ്പറഞ്ഞതിനേക്കാൾ ഉത്കൃഷ്ടമായ വേറെ വല്ല കാര്യത്തിലേക്കും നയിച്ചേക്കും എന്നു കൂടി പറയണം. إِلَّآ أَن يَشَآءَ ٱللَّهُ എന്ന വാക്യത്തിന്റെ പദാനുപദ അർഥം 'അല്ലാഹു ഉദ്ദേശിക്കൽ ഒഴിച്ച്' എന്നാണ്. ഇതിന്റെ ഏറ്റം സന്ദർഭോചിതമായ ആശയമാണ് തർജമയിൽ കൊടുത്തിട്ടുള്ളത്. ചില വ്യാഖ്യാതാക്കൾ ഈ വാക്യത്തിന് الا ان يشاء الله ان تقوله–നീ പറയാൻ അല്ലാഹു ഉദ്ദേശിച്ചതൊഴിച്ച്–എന്നും അർഥം നൽകിയിരിക്കുന്നു. അതായത് അല്ലാഹു നിനക്ക് അനുമതി നൽകിയാലല്ലാതെ, ഞാൻ ഭാവിയിൽ ഇന്നത് ചെയ്യുമെന്ന് നീ ഉറപ്പിച്ചു പറഞ്ഞുകൂടാ. വേറെ ചിലർ കൽപിക്കുന്ന അർഥം الا قولا مقترنا بانشاء الله (അല്ലാഹു ഇഛിച്ചെങ്കിൽ എന്നതിനോട് അന്വയിച്ച വാക്കല്ലാതെ) എന്നാണ്. അതായത് ഭാവിയിൽ ഒരു കാര്യം ചെയ്യുമെന്ന് വാഗ്ദത്തം ചെയ്യുമ്പോൾ ഇൻശാ അല്ലാഹ് എന്നു കൂടി പറയണം. ഈ രണ്ട് തരം അർഥങ്ങളുടെയും, തർജമയിൽ കൊടുത്ത അർഥത്തിന്റെയുമെല്ലാം സാരം ഒന്നുതന്നെയാണ്. ഭാവിയിൽ എന്തെങ്കിലും ചെയ്യുമെന്ന് വാഗ്ദത്തം ചെയ്യുമ്പോൾ ഇൻ ശാഅല്ലാഹ്–ദൈവേഛയുണ്ടെങ്കിൽ–എന്നു കൂടി പറയണമെന്ന് തുടർന്ന് പറയുന്നു. 'നീ മറന്നുപോയാൽ ബോധവാനായ ഉടനെ നിന്റെ നാഥനെ സ്മരിക്കണം' എന്ന വാക്കിൽ നിന്നും വ്യക്തമാകുന്നുണ്ട്, പ്രവാചകൻ മാത്രമല്ല എല്ലാ വിശ്വാസികളും പാലിക്കേണ്ട ഇസ്ലാമിക മര്യാദയാണിത് എന്ന്. 'ഇൻ ശാഅല്ലാഹ്' മറന്നുപോയ ഒരാൾ വളരെ നാൾ കഴിഞ്ഞ ശേഷമാണ് അതോർക്കുന്നതെങ്കിൽ അപ്പോൾ ചൊല്ലേണ്ടതുണ്ടോ എന്ന കാര്യത്തിൽ അഭിപ്രായ വ്യത്യാസമുണ്ട്. വാക്ക് നിറവേറ്റപ്പെട്ടു കഴിഞ്ഞിട്ടില്ലെങ്കിൽ വർഷങ്ങൾ കഴിഞ്ഞ ശേഷം ഓർത്താലും ചൊല്ലണമെന്നാണ് ഇബ്നു അബ്ബാസ് ഉൾപ്പെടെയുള്ള പല പണ്ഡിതന്മാരുടെയും അഭിപ്രായം. വാക്ക് പറഞ്ഞ് ഒരു മാസത്തിനുള്ളിൽ ഓർത്തെങ്കിൽ ഇൻ ശാഅല്ലാഹ് പറയണമെന്ന അഭിപ്രായമാണ് സഈദ് ബിൻ ജുബൈറിൽനിന്ന് ഉദ്ധരിക്കപ്പെട്ടിട്ടുള്ളത്. 'വാക്ക് പറഞ്ഞ് സ്ഥലം വിടുന്നതിന് മുമ്പ് ഓർത്താൽ' എന്ന് ഇമാം ത്വാവൂസും സംസാരം അവസാനിക്കുന്നതിന് മുമ്പ് ഓർത്താൽ എന്ന് ഇബ്റാഹീമുന്നഖഇയും പറയുന്നു. ആദ്യത്തെ അഭിപ്രായമാണ് കൂടുതൽ പ്രബലമായിട്ടുള്ളത്.

ഇൻ ശാഅല്ലാഹ് എന്നു ചേർത്തു കൊണ്ടുള്ള പ്രതിജ്ഞകൾ ലംഘിക്കപ്പെട്ടാൽ ശപഥ ലംഘന പ്രായശ്ചിത്തം ചെയ്യേണ്ടതുണ്ടോ എന്നൊരു പ്രശ്നം പൂർവിക കർമശാസ്ത്രകാരന്മാർ ചർച്ച ചെയ്തിട്ടുണ്ട്. ഭൂരിപക്ഷം പണ്ഡിതന്മാരും 'ഇൻശാ അല്ലാഹ്' പറയണമെന്ന നിർദേശം പ്രതിജ്ഞാ പാലനവുമായി ബന്ധപ്പെട്ടതല്ല എന്ന നിലപാടാണ് സ്വീകരിച്ചിട്ടുള്ളത്. ഒരു ഭക്തിപ്രകടനവും പ്രാർഥനയുമാണ് ഇൻശാ

അല്ലാഹ് എന്ന മന്ത്രം. പ്രതിജ്ഞകളിലും വാഗ്ദത്തങ്ങളിലും കക്ഷി ഇന്‍ ശാഅല്ലാഹ് പറഞ്ഞാലും ഇല്ലെങ്കിലും അല്ലാഹു ഇഛിച്ചെങ്കില്‍ മാത്രമേ അതു നിറവേറുകയുള്ളൂ. അല്ലാഹുവിന്റെ ഇഛയെ-മശീഅത്തിനെ-മനുഷ്യന്റെ ഉത്തരവാദിത്വവുമായി കൂട്ടിക്കുഴക്കാന്‍ പാടില്ല. പ്രതിജ്ഞയെടുക്കുമ്പോള്‍ ഇന്‍ ശാഅല്ലാഹ് പറഞ്ഞിട്ടുണ്ടെങ്കിലും ഇല്ലെങ്കിലും അത് ലംഘിച്ചാല്‍ പ്രായശ്ചിത്തം നിര്‍ബന്ധമാകും.

وَقُلْ എന്നു തുടങ്ങുന്ന അവസാന ഖണ്ഡത്തില്‍, പറയേണ്ടത് ആരോടാണ് എന്ന് വ്യക്തമാക്കപ്പെട്ടിട്ടില്ല. അത് പ്രവാചകന്റെ മനസ്സിനോടു തന്നെയാവാം. അസ്ഹാബുല്‍ കഹ്ഫിനെക്കുറിച്ച് ചോദ്യമുന്നയിച്ച അവിശ്വാസികളോടുമാകാം. രണ്ടു രീതിയിലും വ്യാഖ്യാനിക്കപ്പെട്ടിരിക്കുന്നു. സംബോധിതന്‍ പ്രവാചകന്‍ തന്നെയാണെന്നു വെക്കുമ്പോള്‍ താല്‍പര്യമിതാണ്: ഒരുവേള പ്രവാചകന്‍ പറഞ്ഞ പ്രകാരം സംഭവിച്ചില്ലെങ്കില്‍ അല്ലാഹു അതിനേക്കാള്‍ ശ്രേഷ്ഠവും സന്മാര്‍ഗോചിതവുമായ കാര്യത്തിലേക്ക് താങ്കളെ നയിക്കുമെന്ന് സമാധാനിച്ചുകൊള്ളുക. അഥവാ അതിനായി പ്രാര്‍ഥിക്കുക. സംബോധിതര്‍ അവിശ്വാസികളാണെന്ന് വെക്കുമ്പോള്‍ താല്‍പര്യം ഇപ്രകാരമാകുന്നു: നിങ്ങള്‍ ചോദിക്കുന്ന ഈ ചോദ്യങ്ങള്‍ അത്ര വലിയ കാര്യമൊന്നുമല്ല. ഇത്തരം കൗതുകഥകള്‍ പറയാനല്ല ഞാന്‍ നിയോഗിക്കപ്പെട്ടിരിക്കുന്നത്. അതിനേക്കാളൊക്കെ വളരെ പ്രസക്തവും പ്രധാനവുമായ സത്യ-ധര്‍മപാഠങ്ങളിലേക്ക് എന്റെ നാഥന്‍ എന്നെ നയിക്കുമെന്നാണെന്റെ പ്രതീക്ഷ.

**25.** പ്രത്യക്ഷത്തില്‍ ഈ വാചകം അല്ലാഹുവിന്റേതാണെന്ന് തോന്നാം. ചിലയാളുകള്‍ അപ്രകാരം തന്നെ പരിഗണിക്കുകയും ചെയ്തിരിക്കുന്നു. ഇതനുസരിച്ച് അവര്‍ ആ ഗുഹയില്‍ 300 കൊല്ലം ഉറങ്ങിക്കിടന്നിരിക്കുന്നു. അവര്‍ ഒമ്പത് വര്‍ധിപ്പിച്ചു- وَٱزْدَادُوا۟ تِسْعًا- എന്നു പറഞ്ഞത്, 300 സൂര്യവര്‍ഷത്തെ ചന്ദ്രവര്‍ഷമായി കണക്കാക്കുമ്പോള്‍ വരുന്ന വ്യത്യാസത്തെക്കുറിച്ചാണ്. അടുത്ത സൂക്തത്തിലെ 'അവരുടെ വാസകാലം അല്ലാഹുവിന്നേ അറിയൂ' എന്ന വാക്യം അല്ലാഹു ഇപ്പറഞ്ഞതു തന്നെയാണ് അവരുടെ കൃത്യമായ ഗുഹാവാസകാലം എന്ന് ഊന്നിപ്പറയുകയാണ്.

കൂടുതല്‍ പ്രബലവും ചരിത്ര വിവരങ്ങളുമായി യോജിക്കുന്നതുമായ വ്യാഖ്യാനം ഇപ്രകാരമാണ്: നേരത്തെ ഗുഹാവാസികളുടെ എണ്ണത്തെക്കുറിച്ചുള്ള കിംവദന്തികളുദ്ധരിച്ച പോലെ അവരുടെ വാസകാലത്തെക്കുറിച്ചുള്ള കിംവദന്തികളും ഉദ്ധരിക്കുകയാണിവിടെ. അതു മുന്നൂറു കൊല്ലമാണെന്നും 309 കൊല്ലമാണെന്നുമൊക്കെ ആളുകള്‍ പറയുന്നുണ്ട്. അവര്‍ 300 സൂര്യവര്‍ഷം അഥവാ 309 ചന്ദ്രവര്‍ഷം വസിച്ചു എന്നത് അല്ലാഹുവിന്റെ പ്രസ്താവനയാണെങ്കില്‍ അതിനുശേഷം 'അവരുടെ വാസകാലം അല്ലാഹുവിനേ അറിയൂ' എന്ന് അവരോട് പറയുക എന്ന് കല്‍പിക്കുന്നതിന് തീരെ പ്രസക്തിയില്ല. ഗുഹാവാസികളുടെ കൃത്യമായ എണ്ണമെന്ന പോലെ അവര്‍ ഗുഹയില്‍ കഴിച്ചുകൂട്ടിയ കാലത്തിന്റെ കണക്കും അല്ലാഹുവിനു മാത്രമേ അറിയൂ. അംഗങ്ങളുടെ ശരിയായ എണ്ണം വെളിപ്പെടുത്താത്തതു പോലെ കാലയളവും വെളിപ്പെടുത്തിയിട്ടില്ല എന്നാണ് ഈ വാക്യത്തിലൂടെ വ്യക്തമാക്കുന്നത്.

എഫെസ്യൂസിലെ ഗുഹാവാസികളെയാണ് ഖുര്‍ആന്‍ പരാമര്‍ശിക്കുന്നതെന്നാണല്ലോ അധിക വ്യാഖ്യാതാക്കളും പറയുന്നത്. ലഭ്യമായ ചരിത്ര വിവരങ്ങളനുസരിച്ച് ഈ യുവാക്കള്‍ നിദ്രയില്‍ ലയിച്ചത് സി.ഇ 250-ലാണ്. സി.ഇ 447-ലാണ് ഉണര്‍ന്നത്. അപ്പോള്‍ 197 വര്‍ഷമാണ് അവരുറങ്ങിക്കിടന്നതെന്ന് വരുന്നു. ഇനി പെട്രായിലെ (ജോര്‍ദാന്‍) ഗുഹാവാസികളെയാണ് ഖുര്‍ആന്‍ സൂചിപ്പിക്കുന്നതെങ്കില്‍, അവര്‍ യഹൂദരായിരുന്നുവോ ക്രൈസ്തവരായിരുന്നുവോ മറ്റാരെങ്കിലുമായിരുന്നുവോ, ഏതു കാലത്താണവര്‍ ഉറങ്ങിയത്, ഉണര്‍ന്നത്, ഏതു കാലത്താണ് തുടങ്ങിയ കാര്യങ്ങളൊന്നും അല്ലാഹുവിനല്ലാതെ ആര്‍ക്കും അറിഞ്ഞുകൂടാ. അവരെക്കുറിച്ച് അവലംബാര്‍ഹമായ ചരിത്ര വിവരങ്ങള്‍ ലഭ്യമല്ല. ■